സാഹിത്യവാരഫലം

2002/02/08 (സമകാലികമലയാളം)

എം. കൃഷ്ണൻ നായർ

Copyright © 2014-2021, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

2002/02/08-ൽ സമകാലികമലയാളം വാരികയിൽ പ്രസിദ്ധീകരിച്ചതു്.

സ്ത്രീസ്വാതന്ത്ര്യവാദം ജീവിതവ്രതമായി സ്വീകരിച്ച അമേരിക്കനെഴുത്തുകാരി ആൻഡ്രിയ ദ്വർക്കർ (Andrea Dworkin, b 1946-ബ്രട്ടീഷുച്ചാരണം ദ്വർക്കിനെന്ന്) രചിച്ച 'Pornography' എന്ന പുസ്തകം പ്രഖ്യാതമാണ്. ഞാൻ ഒരിക്കൽ വായിച്ച ആ ഗ്രന്ഥം ഇപ്പോൾ വീണ്ടും വായിക്കുകയാണ്. അതിൽക്കണ്ട ചില വാക്യങ്ങൾ എടുത്തെഴുതട്ടെ:

ആൻഡ്രിയ ദ്വർക്കർ

"Marriage as an institution developed from rape as a practice. Rape, originally defined as abduction became marriage by capture. Marriage meant the taking was to extend in time, to be not only use of but possession of, or ownership"

ഇതു ചിന്തയല്ല, ഓർവെൽ പറഞ്ഞ Thought Crime ആണ്. ബലാത്സംഗത്തിൽ നിന്നാണ് വിവാഹമുണ്ടായതെന്ന് ദ്വർക്കർ പറയുന്നതുകേട്ട് മീശ മുളയ്ക്കാത്ത പയ്യന്മാരും ആദ്യത്തെ ആർത്തവം ആകാത്ത പെൺപിള്ളേരും ആഹ്ലാദിക്കും. പക്ഷേ, മനസ്സിനു പരിപാകം വന്ന പ്രായമായവർ 'ഛേ, കള്ളം' എന്നേ പറയൂ. ചിന്തയുടെ ഈ വക്രീകരണവും പുതുമയ്ക്കു വേണ്ടിയുള്ള പരിവർത്തനവും ഈ ശതാബ്ദത്തിലെ എഴുത്തുകാരുടെ മാനസികച്യുതിയുടെ ഫലമാണ്. അതിനാൽ വിരളമായേ ഞാൻ ഏലൻ സീസു (Helene Cixous, b 1937), ലൂസി ഈറീഗാറേ (Lucy Irigaray, b 1932), ഷൂൽയാ ക്രിസ്തേവ (Julia Kristeva, b 1941) ഇവരുടെ പുസ്തകങ്ങൾ സ്പർശിക്കൂ. വസ്തുതകളല്ല അവർ ആവിഷ്കരിക്കുന്നതു്; സിദ്ധാന്തങ്ങളാണ്. സിദ്ധാന്തങ്ങൾ വ്യക്തിനിഷ്ഠങ്ങളായ അഭിപ്രായങ്ങളും അവ അറിഞ്ഞിട്ടെന്തുകാര്യം? നേരെ മറിച്ചാണ് ബർട്രൻഡ് റസ്സൽ. ആൽഡസ് ഹക്സ്ലി ഇവരുടെ രീതി. വസ്തുതകൾ മാത്രമേ ഈ ചിന്തകർക്കു വേണ്ടൂ. കാലം കഴിയുമ്പോൾ റസ്സലും ഹക്സ്ലിയും അവരുടെ സാന്നിദ്ധ്യംകൊണ്ട് നമ്മളെ ആഹ്ലാദിപ്പിക്കും. ദെറീദയും മറ്റും അപ്രത്യക്ഷരാകും.

ഏലൻ സീസു

വസ്തുതകൾ മാത്രം പ്രതിപാദിച്ച് നമുക്കു ഹർഷാതിശയം ജനിപ്പിക്കുന്ന പുസ്തകമാണ് റോബർട് ഗ്രീനിന്റെ 'The Art of Seduction'. സിദ്ധാന്തങ്ങൾ അവയ്ക്കുവേണ്ടി മാത്രമാണ് നിലകൊള്ളുന്നതു്. സാമാന്യവസ്തുതകൾ പ്രതിപാദിക്കുന്ന ഇത്തരം ഗ്രന്ഥങ്ങൾ അനുവാചകരുടെ മാനസികോന്നമനത്തെ ലക്ഷ്യമാക്കി സാംസ്കാരിക മണ്ഡലത്തിൽ വർത്തിക്കുന്നു. ഒരു തവണ വായിക്കൂ. ഒന്നുകൂടെ വായിക്കാൻ ആർക്കും താൽപര്യമുണ്ടാകും. രണ്ടാമത്തെ പരിവൃത്തി വായിക്കാനായി ഞാൻ ഇപ്പുസ്തകം മേശപ്പുറത്തുതന്നെ വച്ചിരിക്കുന്നു. വശീകരണത്തിന്റെ വിവിധ വശങ്ങൾ അതിന്റെ ആന്തരാർത്ഥം, ബാഹ്യാർത്ഥം, സങ്കീർണ്ണത, ലാളിത്യം ഇവയെയെല്ലാം ഗ്രന്ഥകാരൻ അസാധാരണമായ വൈദഗ്ദ്ധ്യത്തോടെ പ്രത്യക്ഷമാക്കിത്തരുന്നു. marvellous (അദ്ഭുതാവഹം) എന്ന ഇംഗ്ലീഷ് പദം കൊണ്ടേ ഇപ്പുസ്തകത്തെ വിശേഷിപ്പിക്കാനാവൂ. അനന്ത വിസ്തൃതമായ ആശയസാമ്രാജ്യത്തിന്റെ ഒരു കോണെങ്കിലും എടുത്തുകാണിക്കാൻ ഈ ലേഖനത്തിന്റെ പരിമിതി അനുമതി തരുന്നില്ല. അതുകൊണ്ട് ദിങ്മാത്രദർശനത്തിനേ വഴിയുള്ളു.

ബി. സി. 48-ൽ താലമീ പതിനാലാമൻ (Ptolemy XIV) തന്റെ സഹോദരിയും ഭാര്യയുമായ ക്ലീയപത്ര രാജ്ഞിയെ (Cleopatra) സ്ഥാനഭ്രഷ്ടയാക്കുകയും അവൾ രാജ്യത്ത് പ്രവേശിക്കാതിരിക്കാനായി അതിർത്തികൾ ബലപ്പെടുത്തുകയും ചെയ്തു. ജൂലിയസ് സീസർ ആ വർഷം തന്നെ അലിഗ്സാൻഡ്രിയയിൽ ചെന്നു. ഈജിപ്റ്റ് റോമിനോട് ഭക്തിയുള്ളതായിരിക്കുമെന്ന് ഉറപ്പിക്കാനാണ് അദ്ദേഹം അവിടെ എത്തിയതു്. ഈജിപ്പിലെ ഒരു കൊട്ടാരത്തിൽ അദ്ദേഹം സൈനികോദ്യോഗസ്ഥന്മാരുമായി ചർച്ചയിലേർപ്പെട്ടിരിക്കുമ്പോൾ ഒരു പാറാവുകാരൻ അവിടെ പ്രവേശിച്ച് അറിയിച്ചു. ഒരു ഗ്രീക്ക് വ്യാപാരി വിലപിടിച്ച സമ്മാനം സീസറിനു നല്കാൻ വന്നിരിക്കുന്നെന്ന് വ്യാപാരിയെ അകത്തു കടത്തിവിടാൻ റോമൻ നേതാവ് കല്പിച്ചു. ചുരുട്ടിയ ഒരു വലിയ കാർപെറ്റ് തോളിലേന്തിക്കൊണ്ടാണ് വ്യാപാരിയുടെ പ്രവേശം. കാർപെറ്റിന്റെ കെട്ടഴിച്ച് ചുരുൾ നിവർത്തി വ്യാപാരി. തരംഗപരമ്പരകളിൽ നിന്ന് വീനസ് ഉയർന്നതുപോലെ അതിനകത്ത് ഒളിച്ചിരുന്ന ക്ലീയപത്ര, അർദ്ധനഗ്നയായ ക്ലിയപത്ര, സീസറിന്റെ മുൻപിൽ ഉയർന്നു നിന്നു. ഇരുപത്തിയൊന്നു വയസ്സു മാത്രമുള്ള ആ അതിസുന്ദരിയെ കണ്ട് സീസറും മറ്റുള്ളവരും അദ്ഭുതപ്പെട്ടു. അന്നുരാത്രി തന്നെ ക്ലിയപത്ര സീസറിന്റെ പ്രിയതമയായി.

ഷൂൽയാ ക്രിസ്തേവ

ബി. സി. 44-ൽ സീസർ വധിക്കപ്പെട്ടു. മാർക് ആന്റണി റോമിൽ അധികാരത്തിൽ വന്നു. ക്ലിയപത്ര സിറിയയിൽ എത്തിയ ആന്റണിയെ തന്റെ കൊട്ടാരത്തിലേക്കു ക്ഷണിച്ചു. അവൾ പ്രദാനം ചെയ്ത ആഹ്ലാദാനുഭൂതികളെ തള്ളിക്കളയാൻ ആന്റണിക്കു ശക്തിയില്ലായിരുന്നു. റോമിൽ താൽക്കാലികമായി തിരിച്ചെത്തിയ അദ്ദേഹം വീണ്ടും ക്ലിയപത്രയുടെ സമീപത്തെത്തി. അവൾ അത്രയൊന്നും സുന്ദരിയായിരുന്നില്ല. പക്ഷേ, രണ്ടു മഹാവ്യക്തികളുടെയും മുൻപിൽ അവൾ അനുനിമിഷം മാറിക്കൊണ്ടിരുന്നു. വസ്ത്രവിശേഷങ്ങൾ ഓരോ നിമിഷത്തിലും മാറ്റി മാറ്റി ക്ലിയപത്ര ദേവതയെപ്പോലെ സീസറിന്റെയും ആന്റണിയുടെയും മുൻപിൽ നിന്നു. അവളെ സ്വായത്തമാക്കാതെ രണ്ടുപേരും അവളുടെ അടിമകളായി. ഈ സിദ്ധിവിശേഷമുള്ള സ്ത്രീകളോടു ഗ്രന്ഥകാരൻ പറയുന്നു. "He cannot grow bored with you yet he cannot discard you. Keep up the distractions, and never let him see who you really are. He will follow you until he drowns."

ലോകസുന്ദരിയായ മർലിൻ മൻറോ കുട്ടിക്കാലത്ത് അനാഥാലയങ്ങളിൽ താമസിച്ചവളാണ്. ഒരു ദിവസം സ്കൂളിൽ പോകാനായി അവൾ ബ്ലൗസ് എടുത്തപ്പോൾ അതു കീറിയതായി കണ്ടു. പതിമൂന്നു വയസ്സുള്ള മർലിൻ തന്നെക്കാൾ പ്രായം കുറഞ്ഞ ഒരു പെൺകുട്ടിയുടെ സ്വെറ്റർ വാങ്ങി ധരിച്ചുകൊണ്ട് വിദ്യാലയത്തിലേക്കു പോയി. ആൺകുട്ടികൾ അവളെ വലയം ചെയ്തു. മർലിൻ പോകുന്നടിത്തൊക്കെ അവരും പോയി. പ്രായത്തിൽക്കവിഞ്ഞ വളർച്ചയുടെ അവളുടെ സ്വെറ്ററിൽ ആൺകുട്ടികൾ തുറിച്ചുനോക്കി. മർലിന്റെ നോട്ടമാണ് തങ്ങളെ തകർക്കുന്നതെന്ന് ആൺകുട്ടികൾ പറഞ്ഞു. അവളുടെ മധുരശബ്ദമാണ് ആകർഷകമെന്നു വേറെ ചിലർ. അവളിൽ നിന്നു പുറപ്പെടുന്ന സ്പന്ദങ്ങൾ തങ്ങളെ വീഴ്ത്തുന്നുവെന്ന് മറ്റു ചിലർ. മർലിന്റെ സിദ്ധികളോടുകൂടി സ്ത്രീകൾ ജനിക്കണമെന്നില്ല എന്ന് ഗ്രന്ഥകാരൻ. നിഷ്കളങ്കതയുണ്ടായിരുന്നു മർലിന്. ഒരു ഭാഗം സെക്സിന്റെ നിലവിളി. വേറൊരു ഭാഗം ലജ്ജയുള്ള ശാലീനത. ഇതാണ് ഈ ലോകസുന്ദരിയെ ആരാധനാപാത്രമാക്കിയതു്.


ബർട്രൻഡ് റസ്സൽ

ഇറ്റലിയിലെ എഴുത്തുകാരൻ ദാനൂൻസ്യോ (D'Annuzio, 1863–1963) വലിയ വിരൂപനായിരുന്നു. പൊക്കമില്ലാത്തവൻ. കറുത്ത ശരീരം തള്ളിനില്ക്കുന്ന കണ്ണുകൾ. മറ്റു പുരുഷന്മാർ ഭാര്യമാരെയും പെൺമക്കളെയും അദ്ദേഹവുമായി സമ്പർക്കം പുലർത്താൻ അനുമതി നല്കിയിരുന്നു. വൈരൂപ്യം കൊണ്ട് ഒരു സ്ത്രീയും അദ്ദേഹത്തെ ഇഷ്ടപ്പെടുമായിരുന്നില്ല. പക്ഷേ, ദാനൂൻസ്യോയുടെ സാന്നിദ്ധ്യത്തിൽ സ്ത്രീകൾ മാന്ത്രികവിദ്യയാലെന്നപോലെ അസ്വതചേതനകളായി ഭവിക്കുമായിരുന്നു. വിശ്വപ്രസിദ്ധയായ നർത്തകി ഇസഡോറ ഡങ്കൻ അദ്ദേഹത്തിന്റെ മാന്ത്രികശക്തിക്ക് അടിമയായിപ്പോയി. അവർ ആ മാജിക്കിനെക്കുറിച്ചു പറയുന്നതു കേട്ടാലും: Perhaps the most remarkable lover of our time is Gabriele D'Annunzio. And this notwithstanding that he is small, bald, and except when his face lights up with enthusiasm, ugly. But when he speaks to a woman he likes, his face is transfigured so that he suddenly becomes Apollo… His effect on women is remarkable. The lady he is talking to suddenly feels that her very soul and being are lifted.

വശീകരണം ചിത്തവൃത്തികളെ സംബന്ധിക്കുന്നതാണെന്നു ഗ്രന്ഥകാരന്റെ അഭിപ്രായം. സ്ത്രീകൾക്കു ദൗർബല്യമുണ്ടാക്കുന്നതു് ഭാഷയാണ്. ഫ്രഞ്ച് അഭിനയത്രി സീമോൻ പറഞ്ഞു: "How can one explain his conquests except by his verbal power and the musical timbre of his voice, put to the service of exceptional eloquence? For my sex is susceptible to words, bewitched by them, longing to be dominated by them"


ആൽഡസ് ഹക്സ്ലി

സ്ത്രീവേട്ട നടത്തുന്ന ചിലരെ ഈ ഗ്രന്ഥകാരൻ rake എന്നാണ് വിളിക്കുക. വിഷയലമ്പടൻ എന്ന് rake എന്ന പദത്തെ തർജ്ജമ ചെയ്യാമെന്നു തോന്നുന്നു. പീകാസോ ആ വിധത്തിലൊരു വിഷയലമ്പടൻ ആയിരുന്നു. നൂറ്റുക്കണക്കിനു സ്ത്രീകളെ പീകാസോ പ്രാപിച്ചു. ഓരോ സ്ത്രീക്കും തോന്നി തന്നെ മാത്രമേ അദ്ദേഹം സ്നേഹിച്ചിരുന്നുള്ളുവെന്ന്. സ്ത്രീ തടസ്സം പറഞ്ഞാൽ ലമ്പടനു വല്ലായ്മയില്ല. വളരെക്കാലം വെപ്പാട്ടിയായിരുന്ന Francoise Gilot-നെ വശീകരിക്കാൻ ശ്രമിക്കുന്ന വേളയിൽ പീകാസോ അവളോട് അഭ്യർത്ഥിച്ചപോലും തടസ്സം പറയാൻ. സ്ത്രീയുടെ തടസ്സം വിഷയലമ്പടന്മാരുടെ ത്വരനത്തെ (Thrill) വർദ്ധിപ്പിച്ചിരുന്നു. സ്ത്രീകൾക്കു വിഷയലമ്പടന്മാരെ വെറുപ്പില്ല. അമേരിക്കൻ പ്രസിഡന്റ് കെന്നഡിയും ബിൽ ക്ലിന്റനും rakes എന്ന വിഭാഗത്തിൽ പെടുന്നു. ബിൽ ക്ലിന്റൻ വിഷയലമ്പടനെന്നു തെളിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ സഹായത്തിനെത്തിയതു സ്ത്രീകളായിരുന്നു.

വിഷയലമ്പടന്മാരെപ്പോലെതന്നെ ഡാൻഡികളും സമുദായത്തിൽ മാലിന്യം കലർത്തുന്നു. അമിതമായ വേഷഭ്രമമുള്ളവരാണ് ഡാൻഡികൾ. (dandy) അവരെ പച്ചക്കാമദേവന്മാരെന്ന് മലയാളത്തിൽ വിളിക്കാം. ലോകപ്രസിദ്ധനായ ഒസ്കർ വൈൽഡ് ഡാൻഡിയായിരുന്നു. ഉദ്ധതനാണ് ഡാൻഡി (മര്യാദയില്ലാത്തവൻ). ലണ്ടനിലെ ഒരു നാടകശാലയിൽ വൈൽഡിന്റെ ഒരു നാടകം അഭിനയിച്ചു. നാടകം വിജയകരമായിരുന്നതുകൊണ്ട് ഹർഷോന്മാദത്തിൽ വീണ പ്രേക്ഷകർ നാടകകർത്താവിനെ കാണണമെന്നു പറഞ്ഞു ബഹളം കൂട്ടി. വളരെ നേരത്തേക്ക് അദ്ദേഹം വേദിയിലേക്കു വന്നില്ല. ഒടുവിൽ പരമപുച്ഛത്തോടെ, സിഗററ്റ് വലിച്ചുകൊണ്ട് വൈൽഡ് വന്നു. അദ്ദേഹം ആരാധകരെ നോക്കിപ്പറഞ്ഞു: "ഇവിടെ പുകവലിച്ചുകൊണ്ട് വന്നു നില്ക്കുന്നതു് മര്യാദകേടാവാം. പക്ഷേ, പുകവലിക്കുന്ന എന്നെ ഉപദ്രവിക്കുന്നതു് അതിലും വലിയ മര്യാദകേടാണ്."

റോബർട് ഗ്രീനെ

ജൂത ധനികകുടുംബത്തെ റോറ്റ്ഷിൽറ്റ് (Rothschild) എന്നു ജർമ്മൻ ഭാഷയിൽ വിളിക്കുന്നു. ആ കുടുംബത്തിൽപ്പെട്ട ഒരുത്തൻ ഒരു സ്വർണ്ണനാണയം താഴെ വീഴ്ത്തി അറിയാതെ അയാൾ അതു നോക്കിയെടുക്കാൻ കുനിഞ്ഞു. അതുകണ്ട് ഡാൻഡിയായ ഒരു പ്രഭു പോക്കറ്റിൽ നിന്ന് ആയിരം ഫ്രാങ്കിന്റെ കറൻസി നോട്ട് വലിച്ചെടുത്തു ചുരുട്ടി മെഴുകുതിരിയെപ്പോലെയാക്കി തീപ്പെട്ടി ഉരച്ചു കത്തിച്ച സ്വർണ്ണനാണയം നോക്കിയെടുക്കാൻ ശ്രമിക്കുന്നവനെ ആ അന്വേഷണത്തിൽ സഹായിക്കാൻ അയാൾ ആ ദീപം നീട്ടിപ്പിടിച്ചു. (നാണയത്തെക്കാൾ മൂല്യം കൂടിയതായിരുന്നു കറൻസിനോട്ട്) സ്ത്രീയെ ആക്രമിച്ച് കീഴടക്കാൻ വിഷയലമ്പടൻ ഔദ്ധത്യം കാണിക്കുന്നു. സമുദായത്തെ വെല്ലുവിളിക്കാനായിട്ടാണ് ഡാൻഡി ഉദ്ധതനാവുന്നതു്.

ദിങ്മാത്രദർശനം വിചാരിച്ചതിലധികം ദീർഘമായിപ്പോയി. കടലിലെ ഒരു തുള്ളി വെള്ളത്തിൽ കടലിന്റെ ആകെയുള്ള ധർമ്മങ്ങൾ കാണാമെന്ന് ജിബ്രാൻ പറഞ്ഞിട്ടുണ്ട്. മേല്ക്കാണിച്ച സംഭവവർണ്ണനകളിൽ നിന്ന് ഗ്രന്ഥത്തിന്റെ സാമാന്യസ്വഭാവം ഗ്രഹിക്കാൻ കഴിയുമെന്നാണ് എന്റെ വിചാരം. വീണ്ടും പറയട്ടെ. Marvellous എന്ന വിശേഷണമാണ് ഇപ്പുസ്തകത്തിനു നല്കേണ്ടതു് (The Art of Seduction, Robert Greene, Viking, Price U. S. $25.95, Indian $19.95-pp. 467).

ഇസഡോറ ഡങ്കൻ

തനിക്ക് അർഹതയില്ലാത്ത ജ്ഞാനപീഠം സമ്മാനം കരസ്ഥമാക്കിയ ഇന്ദിരാഗോസ്സ്വാമിയുടെ "The Shadow of Kamakhya" എന്ന കഥാസമാഹാരഗ്രന്ഥം ഞാൻ വായിച്ചിട്ടുണ്ട്. എല്ലാം ബഹിർഭാഗസ്ഥങ്ങളായ (Superficial) കഥകൾ. അവയിൽ ഉപരിതല റിയലിസം മാത്രമുള്ള "The Journey" എന്ന കഥ വി. ഡി. കൃഷ്ണൻ നമ്പ്യാർ മലയാളത്തിലേക്കു തർജ്ജമ ചെയ്തിരിക്കുന്നു. (മാതൃഭൂമി ആഴ്ചപ്പതിപ്പ്) ഇന്ദിര അസമിലെ ഭാഷയിൽ എഴുതുന്നവരാണ്. കൃഷ്ണൻ നമ്പ്യാരുടെ ഫെയിമാകെ ഹിന്ദിഭാഷ കൈകാര്യം ചെയ്യുന്നതിൽ മാത്രം. അദ്ദേഹത്തിന് ഇന്ദിരയുടെ മാതൃഭാഷ അറിഞ്ഞുകൂടെന്നാണ് എന്റെ വിചാരം. അതിനാൽ ഇംഗ്ലീഷ് തർജ്ജമയിൽ നിന്നോ ഹിന്ദി തർജ്ജമയിൽ നിന്നോ കൃഷ്ണൻ നമ്പ്യാർ ഭാഷാന്തരീകരണം നിർവഹിച്ചിരിക്കണം. ഏതുമാകട്ടെ. കൃഷ്ണൻ നമ്പ്യാരുടെ തർജ്ജമ വിലക്ഷണമത്രേ. ഇന്ദിരയുടെ കഥ ആരംഭിക്കുന്നതു്. "This area falls in the territory of the militants. It is entirely covered by thick forest." ഈ ഇംഗ്ലീഷ് വാക്യങ്ങളോടെയാണ്. നമ്മുടെ തർജ്ജമക്കാരൻ ആ രണ്ടു വാക്യങ്ങളെയും ഉപേക്ഷിച്ചു കളഞ്ഞു. കഥയെസ്സംബന്ധിച്ചിടത്തോളം പ്രാധാന്യമുള്ള ആ വാക്യങ്ങളെ തർജ്ജമ ചെയ്യാതെ വിട്ടുകളഞ്ഞതു് എന്തുകൊണ്ടാണാവോ!

ഇംഗ്ലീഷ് തർജ്ജമയിലെ പല വാക്യങ്ങളും കൃഷ്ണൻ നമ്പ്യാർ വിട്ടുകളയുക മാത്രമല്ല, നേരിയ സൗന്ദര്യമുള്ള അംശങ്ങളെ വിരൂപമാക്കുകയും ചെയ്യുന്നു. ഉദാ: "I remembered the moon spotlight a huge owl that sat on a chatyan tree…" കൃഷ്ണൻ നമ്പ്യാരുടെ ഭാഷാന്തരീകരണാഭാസം: ഒരു മരത്തിൽ മൂങ്ങ ഇരിക്കുന്നു. ചന്ദ്രികാവെളിച്ചം അതിന്മേൽ പതിയുന്നതു് ഞാനോർത്തു. "The paddy fields were a riot of brilliant colours, flaunting gold" എന്ന് ഇംഗ്ലീഷ് വാക്യം. കൃഷ്ണൻ നമ്പ്യാർ അതിനെ "മഞ്ഞ നിറത്തിൽ നെൽവയലുകൾ കാണാമായിരുന്നു" എന്നാക്കി. "Every now and then Mirajakar would jump up, straining his ears for the sound of gun fire" എന്ന് ഇന്ദിര. ഭീകരന്മാർ നിറഞ്ഞ ആ പ്രദേശത്തു അവർ വെടിവയ്ക്കുന്നോ എന്ന മിറാജ്കറുടെ പേടി ആ വാക്യത്തിലുണ്ട്. കൃഷ്ണൻ നമ്പ്യാർ അതിനെ "ക്കൂടെക്കൂടെ മിറാജ്കർ ഞെട്ടിയുണരുമായിരുന്നു" എന്നു തർജ്ജമ ചെയ്യുന്നു. കാറ്റല്ലേ? കാറ്റടിച്ച് അയാളുടെ കണ്ണുകൾ കൂടെക്കൂടെ തുറന്നുപോകും. അല്ലെങ്കിൽ സീറ്റിലെ മൂട്ട കടിച്ചിട്ട് ഉറക്കത്തിൽ നിന്ന് ഉണർന്നുപോയതാവാം മിറാജ്കർ. അയാൾ ചന്തി ചൊറിഞ്ഞു എന്നുകൂടെ കൃഷ്ണൻ നമ്പ്യാർ എന്തേ എഴുതിയില്ല.

> സാഹിത്യകാരനും വായനക്കാരനും തമ്മിൽ ഒരു മാനസികബന്ധം ഉണ്ടാവുകയും അതിന്റെ പേരിൽ ഇന്റർആക്ഷൻ ജനിക്കുകയും ചെയ്താൽ പുസ്തകങ്ങൾ പല പതിപ്പുകൾ ഉണ്ടാകും. അവ ചവറാണെങ്കിൽ വായനക്കാരൻ അത് അറിയില്ല.

ഈ തർജ്ജമക്കാരന് 'നേരെ ചൊവ്വേ' മലയാളം എഴുതാനറിഞ്ഞുകൂടാ. "വേഗതയിൽ പോകുകയായിരുന്നു" "ഇരുവശത്തും കന്നുകൾ ഉണ്ടായിരുന്നു" "നെൽവയലുകൾ കാണാമായിരുന്നു" "മിറാജ്കർ ഞെട്ടിയുണരുമായിരുന്നു" ഒരു ഖണ്ഡികയിലെ വാക്യങ്ങൾ ഇങ്ങനെ വൈചിത്ര്യമില്ലാതെ അവസാനിക്കുന്നു. കൃഷ്ണൻനമ്പ്യാർ കഥകൾ മലയാളത്തിലേക്കു തർജ്ജമ ചെയ്യുന്നതിനുമുൻപ് എ. ആർ. രാജരാജവർമ്മയുടെ 'സാഹിത്യസാഹ്യ'വും കുട്ടികൃഷ്ണമാരാരുടെ 'മലയാളശൈലി'യും വായിക്കണം. വീണ്ടും വീണ്ടും വായിച്ച് ഹൃദിസ്ഥമാക്കണം. വ്യാകരണം അനുമതി നല്കാത്ത വേഗത (വേഗം ശരി) കൂടെക്കൂടെ (കൂടക്കൂടെ) ഈ പ്രയോഗങ്ങളും മറ്റനേകം വിലക്ഷണപ്രയോഗങ്ങളും കൃഷ്ണൻനമ്പ്യാരുടെ ഭാഷാന്തരീകരണത്തിൽ കാണാം. അപ്പോൾ തികച്ചും നിഷ്പ്രയോജനമോ ഈ തർജ്ജമ? അതേ എന്നു ഞാൻ പറയുകയില്ല. തർജ്ജമ പരസ്യപ്പെടുത്തിയ വാരിക ഇന്ദിരോഗോസ്സ്വാമിക്കു അയച്ചു കൊടുക്കാം കൃഷ്ണൻ നമ്പ്യാർക്ക്. സൗഹൃദം സ്ഥാപിക്കാം. ഭാഗ്യം കൊണ്ട് ഇന്ദിരയ്ക്കു മലയാളം അറിഞ്ഞുകൂടാ. അറിയാമെങ്കിൽ അവർ ദില്ലിയിലെ ഏതെങ്കിലും കോടതിയിൽ കേയ്സ് കൊടുക്കുമായിരുന്നു.

ചോദ്യം, ഉത്തരം

ചോദ്യം: തിരുവനന്തപുരത്തെ ഹോട്ടലുകളിൽ നിന്ന് എന്തെങ്കിലും രുചിയായി കഴിക്കാനൊക്കുമോ?

ഉത്തരം: തിരുവനന്തപുരത്തെ ഹോട്ടലുകൾ അത്ര മോശമല്ല. ആ സത്യം അറിയണമെങ്കിൽ മറ്റു സ്ഥലങ്ങളിലെ ഹോട്ടലുകളിൽ പോകണം. പറ്റിക്കലാണ് അവരുടെ ജോലി. ഒരിക്കൽ ഞാൻ ബന്ധുക്കളോടൊപ്പം ഭിലായി എന്ന സ്ഥലത്തേക്കു പോകുകയായിരുന്നു. നാഗപ്പൂരിൽ ചെന്നപ്പോൾ ഭക്ഷണമാകാം എന്നു കരുതി സാമാന്യം നല്ല നിലയിൽ നടത്തുന്ന ഹോട്ടലിൽ കയറി. ഞാൻ മത്സ്യമാംസങ്ങൾ വർജ്ജിക്കുന്നവനാണ്. എന്റെ കൂടെയുള്ളവർ ചിക്കൻ ബിരിയാണി കൊണ്ടുവരാൻ പറഞ്ഞു. അതു എല്ലാവർക്കും കിട്ടി. പക്ഷേ, ഒന്നിലും ചിക്കനില്ല. Where is the chicken? എന്നു ചോദിച്ചുകൊണ്ട് ഒരു ബന്ധു പ്ലെയ്റ്റ് തട്ടിയെറിഞ്ഞു. തിരിച്ചു വന്നപ്പോൾ മറ്റൊരു ഹോട്ടലിൽ നിന്നു ആഹാരം കഴിച്ചു. അപ്പോഴും ചിക്കൻ ബിരിയാണിയിൽ ചിക്കനില്ല. നാഗപ്പൂരിലെ ഹോട്ടലുകലിൽ നിന്ന് ആരും ആഹാരം കഴിക്കരുത്. ഈ പട്ടണത്തോട് തട്ടിച്ചുനോക്കിയാൽ തിരുവനന്തപുരം എത്ര ഭേദം.

ചോദ്യം: അന്തസ്സും അഭിമാനവുമുള്ള ഒരു സാഹിത്യകാരൻ കേരളത്തിലുണ്ടോ?

ഉത്തരം: ഉണ്ടായിരുന്നു. കൈനിക്കര കുമാരപിള്ള. അദ്ദേഹം പരാതി പറയുകയില്ല. പ്രതിയോഗി എന്നു കരുതാൻ ഒരു സാഹിത്യകാരനും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഉണ്ടെങ്കിൽത്തന്നെ അദ്ദേഹം അയാളെ അവഹേളിക്കുകില്ല. അല്പന്മാരാണ് മറ്റുള്ളവരെ വിളിച്ച് തെറി പറയുന്നതു്. Intellectual stature, moral stature ഇവ വേണം കവികൾക്ക്. 'എന്നെക്കുറിച്ച് സാനു അതു പറഞ്ഞു. സുകുമാരൻ ഇതു പറഞ്ഞു എന്നു പരാതിപ്പെടുന്ന ആൾ നല്ല കവിയായാൽ എന്ത്? നല്ല കവിയല്ലെങ്കിലെന്ത്?' (സുകുമാർ അഴിക്കോടിനെ സുകുമാരൻ ആക്കുന്നതു തന്നെ മാന്യതയുള്ള പ്രവൃത്തിയല്ല).

ചോദ്യം: ഉത്തിഷ്ഠത, ജാഗ്രത, പ്രാപ്യവരാന്നിബോധത എന്നതിനുപകരം സാഹിത്യത്തെസ്സംബന്ധിച്ച് നിങ്ങൾ എന്തു പറയും?

ഉത്തരം: എഴുന്നേല്ക്കൂ. വായനക്കാരെ പീഡിപ്പിക്കുന്ന നവീന സാഹിത്യകാരന്മാരുടെ അന്ത്യം അടുത്തു. ഉത്കൃഷ്ട സാഹിത്യം രചിച്ചു തുടങ്ങൂ.

ചോദ്യം: സ്റ്റാലിൻ എന്ന സ്വേച്ഛാധിപതിയെ നിങ്ങൾ അംഗീകരിക്കുന്നോ?

ഉത്തരം: സ്റ്റാലിനെ മാത്രം കുറ്റപ്പെടുത്തുന്നതു് എന്തിന്. അധികാരമുള്ളവരെല്ലാം സ്വേച്ഛാധിപതികളാണ്. ഹിറ്റ്‌ലർ തന്റേതായ മണ്ഡലത്തിൽ സ്വേച്ഛാധികാരിയായിരുന്നതുപോലെ ചർച്ചിലും സ്വേച്ഛാധികാരിയായിരുന്നു. അനർഹന്മാർക്ക് എവോർഡ് കൊടുക്കുന്ന ആളുകൾ തങ്ങളുടെ മണ്ഡലത്തിൽ രാജാധിരാജന്മാരായി വർത്തിക്കുകയില്ലേ? അധികാരവൃത്തത്തിന്റെ പരിധി കുറഞ്ഞുകുറഞ്ഞു വരട്ടെ. അതിനകത്തുള്ളവർ സ്വേച്ഛാധിപതികളായി മാറുന്നതു് കാണാം. എന്നും വൈകിട്ട് ഓഫീസിൽ നിന്നുവന്നു ഭാര്യയോട് തട്ടിക്കയറുന്നവൻ. കഞ്ഞുങ്ങളെ വലിച്ചിട്ടു തല്ലുന്നവൻ 'നാളെ വരൂ. ഫയൽ നോക്കട്ടെ' എന്ന് അപേക്ഷകനോടു പരുഷമായി പറയുന്ന ഉദ്യോഗസ്ഥൻ ഇവരൊക്കെ ചെറിയ ചെറിയ സ്റ്റാലിന്മാരല്ലേ? 'നീങ്ങി നില്ല്' എന്നു യാത്രക്കാരനോടു പറയുന്ന ബസ് കണ്ടക്ടർ റഷ്യയിൽ സമുന്നത സ്ഥാനത്തെത്തിയാൽ സ്റ്റാലിനെക്കാൾ ക്രൂരത കാണിക്കും.

ചോദ്യം: ഭർത്താവിനെയല്ലാതെ മറ്റു പുരുഷന്മാരുടെ മുഖത്തു നോക്കാതെ സ്ത്രീ ചാരിത്രശാലിനിയല്ലേ?

ഉത്തരം: അവളെ ഉടൻതന്നെ ഊളമ്പാറയിലേക്കു കൊണ്ടു പോകണം. ഭ്രാന്തിന്റെ ആരംഭമാണതു്.

പല കാര്യങ്ങൾ

എന്റെ ഒരു സ്നേഹിതന് പ്രായം എന്നോടൊപ്പമുണ്ടായിരുന്നെങ്കിലും മനസ്സിനു പരിപാകം കുറവായിരുന്നു. അയാൾ ഒരു വട്ടക്കണ്ണാടി ട്രൗസേഴ്സിന്റെ പോക്കറ്റിലിട്ടു നടക്കും. ഏതെങ്കിലും പെണ്ണ് സ്നേഹിതന്റെ കൗതുകമുണർത്തിയാൽ അയാൾ അതെടുത്ത് സൂര്യന്റെ പ്രതിഫലനം അവളുടെ മുഖത്തു പതിപ്പിക്കും. അനുഭവമുള്ളവർക്കറിയാം സൂര്യന്റെ നേർക്കു നോക്കുന്നതിനെക്കാൾ ദുസ്സഹമാണ് പ്രതിഫലനം മുഖത്തു വന്നു വീഴുന്നതെന്ന്. കുട്ടിക്കൃഷ്ണമാരാർ കാളിദാസന്റെ കൃതികൾക്കു വ്യാഖ്യാനങ്ങൾ എഴുതിയപ്പോൾ ഈ സൗന്ദര്യവിവേചനത്തിന്റെ വട്ടക്കണ്ണാടിയെടുത്ത് ഓരോ ശ്ലോകത്തിലും വീഴ്ത്തിയിരുന്നു. എന്നിട്ട് ദയാശൂന്യമായി 'ഇവിടെ ഒരു പ്രക്ഷിപ്തശ്ലോകം. ഇതു് അനുചിതം, ഇതിൽ അനുകരണച്ഛായ' എന്ന പറഞ്ഞു പലതും തള്ളിക്കളഞ്ഞു. കുട്ടിക്കൃഷ്ണമാരാരുടെ ഈ പ്രവൃത്തി ഔചിത്യമില്ലായ്മയാണെന്ന് എനിക്കു തോന്നി. അതിനാൽ യൂണിവേഴ്സിറ്റിക്കോളേജിലെ സംസ്കൃതം പ്രൊഫെസർ നാരായണക്കുറുപ്പിനോട് ഞാൻ ഇതിന്റെ സാധുതയെക്കുറിച്ചു ചോദിച്ചു. കുറുപ്പ് സാർ ലേശം ദേഷ്യത്തോടെ പറഞ്ഞു: "കാളിദാസൻ എപ്പോഴും കവിയുടെ സ്വർണ്ണസിംഹാസനത്തിൽ ഇരുന്നെന്നാണ് കുട്ടികൃഷ്ണമാരാരുടെ വിചാരം. മഹാകവി കക്കൂസിലും പോയിരുന്നുവെന്ന് മാരാർക്ക് അറിഞ്ഞുകൂടാ. കലാഭംഗി അല്പം കുറഞ്ഞതോ മുൻപെഴുതിയ ശ്ലോകത്തിന്റെ അനുകരണമോ ആയ ശ്ലോകത്തിന്റെ രചന കാളിദാസന്റെ, കക്കൂസിലേക്കുള്ള പോക്കിനു സദൃശമാണ്. ആവശ്യകതയുണ്ടാകുമ്പോൾ കാളിദാസൻ സിംഹാസനത്തിൽ നിന്നിറങ്ങി മറപ്പുരയിലേക്കു പോകും. ഇതു കുട്ടികൃഷ്ണമാരാർ ആലോചിച്ചില്ല." ശരിയാണ് നാരായണക്കുറുപ്പ് പറഞ്ഞതു്. എത്രയെത്ര ശ്ലോകങ്ങളാണ് കുട്ടികൃഷ്ണമാരാർ പ്രക്ഷിപ്തങ്ങളെന്നു പറഞ്ഞു തള്ളിക്കളഞ്ഞതു്?

> ഒരാളേയുള്ള രചനകളിലും സംഭാഷണത്തിലും ഹാസ്യം കലർത്തുന്നതായി. അദ്ദേഹമാണ് ഇ. വി. കൃഷ്ണപിള്ള. ഇ. വി.-യുടെ മകൻ അടൂർ ഭാസിയും അങ്ങനെതന്നെ.


അടൂർ ഭാസി

സംഭാഷണത്തിൽ ഹാസ്യോക്തികൾ എൻ. ഗോപാലപിള്ളയിൽ നിന്ന് അനവരതം ഉണ്ടാകും. പക്ഷേ, അദ്ദേഹത്തിന്റെ പ്രബന്ധങ്ങൾ വിരസങ്ങളാണ്. ആരെങ്കിലും ഇന്ന് ഗോപാലപിള്ളയെക്കുറിച്ചു എന്നോടു ചോദിച്ചാൽ 'ഞാൻ അദ്ദേഹം വർത്തമാനത്തിൽ നേരമ്പോക്ക് കലർത്തുന്നതു് ആയിരമായിരം തവണ കേട്ടിട്ടുണ്ട്. പക്ഷേ, അദ്ദേഹത്തിന്റെ പുസ്തകങ്ങൾ വായിച്ചിട്ടില്ല' എന്നാവും മറുപടി നല്കുക. (ഞാൻ എല്ലാപ്പുസ്തകങ്ങളും വായിച്ചിട്ടുണ്ട്. അവ മുഷിപ്പനായതുകൊണ്ട് അതു പറയുകയില്ല) ഒരാളേയുള്ള രചനകളിലും സംഭാഷണത്തിലും ഹാസ്യം കലർത്തുന്നതായി. അദ്ദേഹമാണ് ഈ. വി. കൃഷ്ണപിള്ള. ഈ. വി.-യുടെ മകൻ അടൂർ ഭാസിയും അങ്ങനെതന്നെ. ഒരിക്കൽ അടൂർ ഭാസിയോടൊരുമിച്ച് ഞാൻ നാഗർകോവിലിലെ ഒരു കോളേജിൽ പ്രസംഗിക്കാൻ പോയി. നേരമ്പോക്കുകൾ പറഞ്ഞ് അദ്ദേഹം എന്നെ തിരുവനന്തപുരം തൊട്ട് നാഗർകോവിൽ വരെ ചിരിപ്പിച്ചു. കോളേജിലെ മീറ്റിങ് തുടങ്ങി. സ്വാഗതമാശംസിക്കുന്നവൻ തമിഴൻ പയ്യൻ 'പോലും' എന്നതിന്റെ അർത്ഥം 'ആകുന്നു' എന്ന ധരിച്ചുവച്ച മണ്ടൻ. അയാൾ തമിഴിന്റെ ചുവയുള്ള മലയാളത്തിൽ സ്വാഗതപ്രഭാഷണം നടത്തി. ചില വാക്യങ്ങൾ: "ഇന്നു നമ്മുടെ ഭാഗ്യമാണപോലും. മലയാളസമാജത്തിന്റെ ഉദ്ഘാടനമാണപോലും. ത്യാഗങ്ങൾ ചെയ്തു രണ്ടുപേർ—കൃഷ്ണൻനായരും അടൂർ ഭാസിയും—ഇവിടെ എത്തിയിരിക്കുന്നുപോലും. കൃഷ്ണൻനായർ സംസ്കൃത കോളേജിലെ ലക്ചറർ ആണപോലും. അടുത്ത സ്പീക്കറ—അടൂർ ഭാസിയെ—നിങ്ങൾക്കെല്ലാം അറിയാം പോലും. അദ്ദേഹം ഇ. വി. കൃഷ്ണപിള്ളയുടെ മകനാണ് പോലും." കൂവലും കരഘോഷവും. അടൂർ ഭാസിയാണ് ആ വാക്യം കേട്ട് കൂടുതൽ ചിരിച്ചതു്. നല്ലയാളുകൾക്കേ ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ചിരിക്കാനാവൂ.

സർ. സി. പി. രാമസ്വാമി അയ്യർ

ക്ഷോഭമുണ്ടാകുമ്പോൾ പ്രായം കൂടിയവർ പലതും പറയും. അതനുസരിച്ച് നമ്മൾ പ്രവർത്തിക്കാൻ പാടില്ല. തെറ്റുകാണിച്ചവനെ ലക്ഷ്യമാക്കി 'അടിക്കവനെ' എന്നു ഗൃഹനായകൻ ആജ്ഞാപിച്ചാൽ നമ്മൾ അവനെ അടിക്കാറില്ല. സർ. സി. പി. രാമസ്വാമി അയ്യർ തിരുവിതാംകൂർ ദിവാനായിരിക്കുമ്പോൾ ഒരുത്തൻ അദ്ദേഹത്തിന് ഒരു കത്തയച്ചു. അയാളെപ്പോലുള്ളവർക്കു സർക്കാർ ജോലി കൊടുക്കുന്നില്ലെന്നു കാണിച്ച്. കത്തിന്റെ രീതി പ്രതിഷേധാർഹമായിരുന്നു. സി. പിക്കു ദേഷ്യം വന്ന് ആ കത്തിൽ എഴുതിയതു് ഇങ്ങനെ: Because of the tone of the letter he is unfitted for any appointment in government service. ദിവാന്റെ ഓർഡർ അപേക്ഷകനെ അറിയിക്കുന്ന കത്ത് ഡ്രാഫ്റ്റ് ചെയ്തതു് ഞാനാണ്. "On account of the objectionable tone of the letter you are unfitted for any appointment in govt service" എന്നു ഞാനെഴുതിക്കൊണ്ടുചെന്നു അസിസ്റ്റന്റ് സെക്രട്ടറി എം. സി. തോമസിന്റെ മുൻപിൽ. അദ്ദേഹം എന്നോടു പറഞ്ഞു: "ദിവാൻ ദേഷ്യത്തിൽ എഴുതിയതു് അങ്ങനെ. നമ്മൾ അതു ഈ രീതിയിൽ കമ്മ്യൂനിക്കേയ്റ്റ് ചെയ്യാൻ പാടില്ല" "നിങ്ങളെ ഏതു ജോലിക്കും അയോഗ്യനാക്കാൻ പോന്നതാണ്. കത്തിന്റെ റ്റോൺ" എന്നാക്കി എം. സി. തോമസ്.

എന്റെ ഒരു അധ്യാപകന് അടങ്ങാത്ത 'ആർത്തി'യായിരുന്നു, ജോലിയിൽ ഉയരാൻ. ഏതു ജോലിയൊഴിവു വന്നാലും തനിക്കതിന് അർഹതയുണ്ടോ എന്ന ആലോചിക്കാതെ അദ്ദേഹം അതിനു അപേക്ഷിക്കും. ഒരിക്കൽ സെക്രട്ടറി സ്ഥാനം ഒഴിവായി ആരെ നിയമിക്കണമെന്ന് സർക്കാർ ആലോചിച്ചുകൊണ്ടിരുന്നപ്പോൾ സാറ് അപേക്ഷയുമായിച്ചെന്നു ഭക്തിവിലാസത്തു് (ഭക്തിവിലാസം-ദിവാന്റെ ഭവനം). ദിവാൻ ഹബീബുള്ളയെ അപേക്ഷകൾ കൊണ്ട് കഷ്ടപ്പെടുത്തിയിരുന്ന സാർ. അദ്ദേഹം ആ അപേക്ഷയിൽ എഴുതി: "Tell Mr. Narayanan Nair that I am relinquishing my job. Let him apply for it." ഞാൻ ആ പഴയ ഫയൽ ആകെ നോക്കി. സാറിനെ അതറിയിക്കുന്ന കത്തിന്റെ ഡ്രാഫ്റ്റ് കണ്ടില്ല. ഹബീബുള്ള ക്ഷോഭിച്ച് നല്കിയ ഓർഡർ കമ്മ്യൂനിക്കേയ്റ്റ് ചെയ്യേണ്ടതില്ലെന്ന് സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥന്മാർ തീരുമാനിച്ചിരിക്കണം.

പുസ്തകങ്ങൾ പല പതിപ്പുകൾ ഉണ്ടാകുമ്പോൾ കവിയും നോവലിസ്റ്റും നിരൂപകനും വിചാരിക്കും തങ്ങളുടെ മേന്മകൊണ്ടാണ് അവ കൂടെക്കൂടെ അച്ചടിക്കേണ്ടിവരുന്നതെന്ന്. ഡോക്ടറുടെ വീട്ടുമുറ്റത്ത് രോഗികളുടെ കൂട്ടം. മണ്ണ് നുള്ളിയെടുത്തു മുകളിലിട്ടാൽ അതു താഴെ വീഴില്ല. അതുകണ്ടു ഡോക്ടർ വിചാരിക്കും തന്റെ പ്രാഗല്ഭ്യം കൊണ്ടാണ് രോഗികൾ അത്രയും കൂടുന്നതെന്ന്. രണ്ടു വിചാരങ്ങളും തെറ്റ്. സാഹിത്യകാരനും വായനക്കാരനും തമ്മിൽ ഒരു മാനസികബന്ധം ഉണ്ടാവുകയും അതിന്റെ പേരിൽ ഇന്റർആക്ഷൻ ജനിക്കുകയും ചെയ്താൽ പുസ്തകങ്ങൾ പല പതിപ്പുകൾ ഉണ്ടാകും. അവ ചവറാണെങ്കിൽ വായനക്കാരൻ അത് അറിയില്ല. ഡോക്ടറുടെ കാര്യത്തിലും ഇതുതന്നെയാണ് സംഭവിക്കുന്നതു്. ഇന്റർആക്ഷൻ ഉണ്ടായിക്കഴിഞ്ഞാൽ ഡോക്ടർ കൊടുക്കുന്ന ഏതു മരുന്നും രോഗി കഴിക്കും. ജോയ്സിന്റെ 'യൂലീസീസ് എന്ന നോവൽ അന്യൂനമായ കലാശില്പമാണ്. പക്ഷേ, അതിന്റെ ആദ്യത്തെ പതിപ്പ് നൂറു കോപ്പികളോളം തന്നെ ചെലവായില്ല.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBRARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്യ വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്ക് ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/ സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.